(6) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ലാസ്റ്റ് ഗ്രേഡ് പാർട്ട്-ടൈം നിയമനത്തിനുള്ള പ്രായപരിധി 55 വയസ്സായി പുനഃസ്ഥാപിക്കണമെന്നതു സംബന്ധിച്ച്

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴിയുള്ള ലാസ്റ്റ് ഗ്രേഡ് പാർട്ട്-ടൈം നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സ് ആയിരുന്നത് 50 വയസ്സാക്കി നിജപ്പെടുത്തിയതിനെത്തുടർന്ന് തൊഴിലിനുവേണ്ടി ക്രമപ്രകാരം രജിസ്ട്രേഷൻ പുതുക്കി കാത്തിരിക്കുന്ന ആയിരക്കണക്കിന് തൊഴിൽരഹിതർ ഇപ്പോൾ നിരാശയുടെ പടുകുഴിയിലാണ്. 22 വയസ്സുള്ളപ്പോൾ ആലപ്പുഴ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത അമ്പലപ്പുഴ തോട്ടപ്പള്ളി മല്ലേപ്പള്ളിയിലെ കെ. രമണന്റെ തൊഴിലിനുവേണ്ടിയുള്ള കാത്തിരിപ്പ് ഇതുമൂലം വിഫലമായിപ്പോയത് എല്ലാ പത്രങ്ങളിലും വാർത്തയായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് 53 വയസ്സായി. ഇതുപോലെ നിരവധി പേർ ഉണ്ട്. 2002-ൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ അവർ ഉൾപ്പെട്ടിരുന്നുവെങ്കിലും പത്ത് വർഷം മുമ്പുവരെ രജിസ്ട്രേഷൻ പുതുക്കാത്തവർക്കും പ്രത്യേക ഉത്തരവുപ്രകാരം പുതുക്കിക്കൊടുത്തപ്പോൾ രമണൻ ഉൾപ്പെടെയുള്ളവർ പുറത്തായി. ഒരു ഇന്റർവ്യൂ കാർഡ് പോലും രമണന് ലഭിച്ചിട്ടില്ല. പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി പോലും പല തവണ നീട്ടിക്കൊടുക്കുന്ന സർക്കാർ ഇവരുടെ കാര്യത്തിലും ദയവു കാട്ടണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്രസർക്കാരിലും ഇതേ തസ്തികയ്ക്കുള്ള പ്രായപരിധി 55 വയസ്സാണ്. ആയതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി പാർട്ട്ടൈം നിയമനത്തിലേക്കുള്ള പ്രായപരിധി 55 വയസ്സാക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും സീനിയോറിറ്റിയുടെ കാര്യത്തിൽ നിരന്തരം പരിശ്രമിക്കുകയും സീനിയോറിറ്റിയുടെ കാര്യത്തിൽ വാർത്താപ്രാധാന്യം നേടുകയും ചെയ്ത രമണന് പ്രത്യേക പരിഗണനനൽകി തൊഴിൽ നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ഇക്കാര്യം വിശദമായി പരിശോധിക്കാതെ പറയാൻ പറ്റില്ല. പ്രായപരിധി ഉയർത്തുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

GPM. 2/608/2012—22

LIBRARY ARCHIVES Kerala Legislative Assembly